**കേരള സർക്കാർ**
**തൊഴിലും നൈപുണ്യവും വകുപ്പ്**

**ലേബർ കമ്മീഷണറുടെ കാര്യാലയം**
**തൊഴിൽഭവൻ, വികാസ്ഭവൻ.പി.ഒ., തിരുവനന്തപുരം-695 033**
**Website: www.lc.kerala.gov.in, Email: labourpublicity@gmail.com**

---

**പ്രസ്സ് റിലീസ്** **06.07.2017**

**ലേബർ പബ്ലിസിറ്റി ഓഫീസ്**
**ഫോൺ നമ്പർ : 0471 2783908**

---

## കൊല്ലം-പാരിപ്പള്ളി മെഡിക്കൽ കോളജിൽ ഇ എസ് ഐ തൊഴിലാളികളുടെ കുട്ടികൾക്ക് സീറ്റ് സംവരണം ചെയ്തു

കൊല്ലം ജില്ലയിൽ ഇ എസ് ഐ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന പാരിപ്പള്ളി ആശുപത്രി സംസ്ഥാന ആരോഗ്യ വകുപ്പിന് കൈമാറുകയും ആശുപത്രിയെ മെഡിക്കൽ കോളജായി ഉയർത്തുകയും ചെയ്തു. ഈ നടപടിയുടെ ഭാഗമായി ഇ എസ് ഐ കോർപ്പറേഷനും സംസ്ഥാന സർക്കാരും തമ്മിൽ ഉണ്ടാക്കിയ ഉടമ്പടിയിൽ മെഡിക്കൽ കോളജിലെ ആകെ എം ബി ബി എസ് സീറ്റിന്റെ 35 % സീറ്റുകൾ ഇ എസ് ഐയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കായി സംവരണം ചെയ്തിരുന്നു. മെഡിക്കൽ വിദ്യാഭ്യാസം സർക്കാർ ഫീസിൽ പഠിക്കുന്നതിന് ലഭ്യമായിട്ടുള്ള ഈ അവസരം അർഹതയുള്ള വിദ്യാർത്ഥികളുടെ മാതാ-പിതാക്കളായ തൊഴിലാളി സുഹൃത്തുക്കളെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന് വകനൽകുന്ന ഒന്നാണ്. ഈ വർഷം പാരിപ്പള്ളി മെഡിക്കൽ കോളജിൽ മെഡിക്കൽ കൗൺസിൽ അനുവദിക്കുന്ന സീറ്റുകളുടെ 35 % സീറ്റുകൾ സർക്കാർ ഉത്തരവ് (ആർ ടി-നം.1621/2017/എച്ച്&എഫ് ഡബ്ല്യൂ ഡി-08.06.17) പ്രകാരം ഇ എസ് ഐ രജിസ്ട്രേഡ് തൊഴിലാളികളുടെ കുട്ടികൾക്കായി നീക്കിവെച്ചിട്ടുള്ളത്. വരും കാലത്തും ഇത് തുടരുവാനുള്ള സാഹചര്യം പ്രയോജനപ്പെടുത്തുന്നതിന് എല്ലാ തൊഴിലാളി സുഹൃത്തുക്കളും തയ്യാറാകണമെന്നും തൊഴിലാളി സംഘടനകൾ ഇതിന് വേണ്ട പ്രചാരവേല നടത്തണമെന്നും തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ടി പി രാമകൃഷ്ണൻ അറിയി

ച്ചു. തൊഴിലാളി സമൂഹത്തിന് ഇങ്ങനെ അവസരം ലഭ്യമാവുന്നതിന് സാഹചര്യം ഒരുക്കിയ ആരോഗ്യ വകുപ്പിനെയും, ഇ എസ് ഐ കോർപ്പറേഷനേയും ബഹു. മന്ത്രി തൊഴിൽ വകുപ്പിന്റെ പ്രത്യേക നന്ദിയും പത്രക്കുറിപ്പിലൂടെ അറിയിച്ചു.

ലേബർ പബ്ലിസിറ്റി ഓഫീസർ

9846063499